കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ(സാധാ)നം.349/2020/തസ്വഭവ തിരുവനന്തപുരം,തീയതി,10.02.2020

==========================================================

പരാമർശം:- 1. 09.10.2018 തീയതിയിലെ സ.ഉ(സാധാ) നമ്പർ 2589/18/തസ്വഭവ

2. ഡോ. വിശാഖ്, ഡോ. ദർശന സുരേഷ് കുമാർ എന്നിവർ സമർപ്പിച്ച 29.10.2019 തീയതിയിലെ നിവേദനങ്ങൾ.

3. നഗരകാര്യ ഡയറക്ടറുടെ 30.10.2019 തീയതിയിലെ ഇ.5-19372/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികയിൽ കൊല്ലം/ചങ്ങനാശ്ശേരി നഗരസഭയിൽ കരാർ വ്യവസ്ഥയിൽ നിയമനം നൽകിയിരുന്ന ഡോ. ദർശന സുരേഷ് കുമാറിന്റേയും, ഡോ.വിശാഖിന്റേയും കരാർ കാലാവധി 12.11.2019 തീയതിയിൽ അവസാനിച്ചതിനാൽ ടി ഉദ്യോഗസ്ഥർക്ക് കരാർ പുതുക്കി നൽകണമെന്ന് പരാമർശം 2 പ്രകാരം നിവേദനം സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പരഗിണിച്ച് കരാർ കാലാവധി ഒരു വർഷം വരെയോ പി.എസ്.സി വഴി സ്ഥിര നിയമനം നടത്തുന്നതുവരെയോ ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുള്ള സാഹചര്യത്തിൽ ഡോ. ദർശന സുരേഷ് കുമാറിന് കൊല്ലം

നഗരസഭയിലും ഡോ. വിശാഖിന് ചങ്ങനാശ്ശേരി നഗരസഭയിലും ഒരു വർഷത്തേയ്ക്കോ പി.എസ്.സിയിൽ നിന്നും ടി തസ്തികയിലേയ്ക്ക് സ്ഥിരം നിയമനം നടത്തുമ്പോഴോ ഏതാണോ ആദ്യം അതുവരെ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച തുടർനടപടി നഗരകാര്യ ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ. കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി. കൊല്ലം/ചങ്ങനാശ്ശേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ/ചെയർപേഴ്സൺ, കൊല്ലം/ചങ്ങനാശ്ശേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ